## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T.4162

20.03.18 - ൽ മറുപടിക്ക്.

## സ്നേഹിത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ്<br>ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്കൂളുകളിലെ കുട്ടികളുടെ മാനസിക സമ്മർദ്ദങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ സ്നേഹിത എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷൻ 'സ്നേഹിത അറ്റ് സ്കൂൾ' എന്ന പേരിൽ ഒരു പദ്ധതി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കി വരുന്നുണ്ട്. സ്കൂളുകളിൽ കുട്ടികൾക്ക് ഹെൽപ് ഡസ്ക് ആരംഭിക്കുക, ആവശ്യമായ നിയമ പരിരക്ഷയും കൗൺസിലിംഗും നൽകുക, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കുക, സ്കൂളുകളിൽ കുട്ടികൾക്ക് പരാതികൾ സമർപ്പിക്കുന്നതിനായി 'സ്നേഹിത ബോക്സ്' സ്ഥാപിക്കുകയും ആഴ്ചയിൽ ഒരിക്കൽ ജെൻഡർ റിസോർഴ്സ് പേഴ്സൺമാരുടെ സാന്നിധ്യത്തിൽ ചാർജ്ജുള്ള അദ്ധ്യാപിക ഈ ബോക്സ് തുറന്ന് പരാതികൾ സ്നേഹിത ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരിഹാരം കാണുകയും ചെയ്യുക എന്നിവയാണ് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ. ഈ പദ്ധതി തിരുവനന്തപുരം ജില്ലയിൽമാത്രമാണ് നടപ്പിലാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) 'സ്നേഹിത അറ്റ് സ്കൂൾ' പദ്ധതിക്കായി പ്രത്യേക പരിശീലനം സംഘടിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ